# പതിമൂന്നാം കേരള നിയമസഭ
# പതിനഞ്ചാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 549** — **01.12.2015 ൽ മറുപടിയ്ക്ക്**

## കാർഷിക വായ്പാ വിതരണം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.ജി.സുധാകരൻ | ശ്രീ. സി. എൻ. ബാലകൃഷ്ണൻ (സഹകരണവും ഖാദിഗ്രാമ വ്യവസായവും വകുപ്പ് മന്ത്രി) |
| (എ) കേരളത്തിലെ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ; പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ എന്നിവ വഴി വിതരണം ചെയ്ത കാർഷിക വായ്പകളുടെ 2010-2011 മുതൽ 2014-2015 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ കണക്ക് വ്യക്തമാക്കുമോ; ഇത് മേൽ വിഭാഗം സഹകരണ സംഘങ്ങൾ ഓരോ വർഷത്തിലും വിതരണം ചെയ്ത ആകെ വായ്പകളുടെ എത്ര ശതമാനമാണ്; | (എ) സഹകരണ മേഖലയിൽ നിന്നും പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ, പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ എന്നിവ വഴി വിതരണം ചെയ്ത കാർഷിക വായ്പയുടെ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കാർഷിക വായ്പാ വിതരണം മെച്ചപ്പെടുത്താൻ എന്തു നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കുമോ? | (ബി) പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ/ബാങ്കുകൾ, ഫാർമേഴ്സ് സർവീസ് സഹകരണ ബാങ്കുകൾ മുഖേന 7% പലിശ നിരക്കിൽ ഹ്രസ്വകാല/കാർഷിക വായ്പകൾ വിതരണം നടത്തി വരുന്നു. കൃത്യമായി തിരിച്ചടവ് നടത്തുന്നവർക്ക് പരമാവധി 5% പലിശ ഇളവ് നൽകുകയും ടി തുക സംഘങ്ങൾക്ക് സർക്കാർ അനുവദിച്ച് നൽകുകയും ചെയ്യുന്നു. അതോടൊപ്പം കൃത്യമായി വായ്പ തിരിച്ചടയ്ക്കുന്നവർക്ക് നബാർഡ് മുഖേന നൽകുന്ന പരമാവധി 3% പലിശ ഇളവ് കൂടി ഉൾപ്പെടുത്തി ഹ്രസ്വകാല കാർഷിക വായ്പകൾ പലിശരഹിത വായ്പയായി നൽകി |

വരുന്നു.

കൂടാതെ നെൽകൃഷിക്ക് മുഴുവൻ പലിശയും സർക്കാർ റീഇംപേഴ്സ് ചെയ്ത് സംഘത്തിന് നൽകുന്നതിനാൽ നെൽകൃഷിക്കുള്ള വായ്പകളും പൂർണ്ണമായും പലിശരഹിതമായിട്ടാണ് നൽകുന്നത്. കാർഷിക വായ്പാ സഹകരണ സംഘങ്ങൾ പരമാവധി കാർഷിക വായ്പകൾ നൽകാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വന്തം ജാമ്യത്തിലും വസ്തുക്കളുടെ ജാമ്യത്തിലും സ്വർണ്ണ ഉരുപ്പടികളുടെ ഈടിന്മേലും ഹ്രസ്വകാല കാർഷിക വായ്പകൾ നൽകി വരുന്നുണ്ട്. പ്രാഥമിക കാർഷിക ഗ്രാമവികസന ബാങ്കുകൾ വഴി ദീർഘകാല കാർഷിക വായ്പകളും കർഷകർക്ക് അനുവദിച്ചു വരുന്നുണ്ട്.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| വർഷം | പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾ | | പ്രാഥമിക കാർഷിക ഗ്രാമ വികസന ബാങ്കുകൾ | |
|---|---|---|---|---|
| | വിതരണം ചെയ്ത കാർഷിക വായ്പ (തുക കോടിയിൽ) | മൊത്തം വായ്പയുടെ എത്ര ശതമാനം | വിതരണം ചെയ്ത കാർഷിക വായ്പ (തുക കോടിയിൽ) | മൊത്തം വായ്പയുടെ എത്ര ശതമാനം |
| 2010-11 | 2752.04 | 7.47 | 268.52 | 30.15 |
| 2011-12 | 2395.60 | 5.1 | 360.99 | 28.54 |
| 2012-13 | 2588.75 | 3.14 | 362.89 | 23.61 |
| 2013-14 | 3060.75 | 3.23 | 398.40 | 20.40 |
| 2014-15 | 3642.15 | 3.1 | 361.62 | 18.27 |